iv. സ്വാഭാവിക റബ്ബറിന്റെ അന്താരാഷ്ട്ര വിപണിയിലുള്ള വർദ്ധനവ്

v. തായ്‌ലന്റിൽ സംഭരണം നടപ്പിലാക്കിയതുമൂലം സ്റ്റോക്കിലുള്ള വർദ്ധനവ്

vi. എണ്ണ വിലയിലുണ്ടായ ഇടിവുമൂലം കൃത്രിമ റബ്ബർ വിലയിലുണ്ടായ ഇടിവ്

vii 2015-16 വർഷങ്ങളിൽ സ്വാഭാവിക റബ്ബറിന്റെ അധിക ലഭ്യതയെ സംബന്ധിച്ചുള്ള സൂചനകൾ

ഓണക്കാലത്തെ അവശ്യപച്ചക്കറികളുടെ ലഭ്യത

172 (4212) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണക്കാലത്ത് എത്ര ടൺ പച്ചക്കറികളുടെ ആവശ്യം ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര ടൺ ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) സംസ്ഥാനത്തിന് പുറത്തുനിന്നുവരുന്ന പച്ചക്കറികളിൽ വലിയ തോതിൽ വിഷാംശങ്ങൾ അടങ്ങിയിട്ടുള്ളതായ വാർത്തകൾ കണക്കിലെടുത്ത് ഓണക്കാലത്ത് വിഷരഹിത പച്ചക്കറികൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഓണക്കാലത്ത് ഏകദേശം 24000 മെട്രിക് ടൺ പച്ചക്കറികൾ ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി) ഇതിൽ 11500 മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഓണക്കാലത്ത് വിഷരഹിത പച്ചക്കറി ലഭ്യമാക്കുന്നതിന് മുന്നോടിയായി ഈ വർഷം കൃഷിവകുപ്പ് നടപ്പിലാക്കുന്ന പച്ചക്കറി സമഗ്ര വികസന പദ്ധതിയിലൂടെ 266 ക്ലസ്റ്റർ മുഖാന്തരം 1330 ഹെക്ടറിൽനിന്നും രാസകീടനാശിനി വിമുക്തമായ ഏകദേശം 11500 മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാനാണ് നടപടി സ്വീകരിച്ചിരിക്കുന്നത്. ഇതോടൊപ്പം സ്കൂൾ കുട്ടികൾക്കും വീട്ടമ്മമാർക്കും വീട്ടുവളപ്പിൽ വിഷവിമുക്തമായ

LIBRARY ARCHIVES Kerala Legislative Assembly

പച്ചക്കറി ഉല്പാദനത്തിനായി 1664289 പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിതരണം ചെയ്യുകഴിഞ്ഞു. ഇതിലൂടെ ഏകദേശം 6656 മെടിക് ടൺ പച്ചക്കറി ഓണക്കാലത്തേക്ക് ഉല്പാദിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ കൃഷിവകുപ്പിന്റെ വെജിറ്റബിൾ ഡവലപ്പ്മെന്റ് പദ്ധതി പ്രകാരം വീടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രോബാഗ് പദ്ധതി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കിയിട്ടുണ്ട്.

അന്താരാഷ്ട്ര കരാറുകളും കേരളത്തിലെ കാർഷികരംഗവും

173 (T4213) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോഴത്തെ വിവിധ അന്താരാഷ്ട്ര കരാറുകൾ കേരളത്തിലെ കാർഷിക രംഗത്തെ എങ്ങനെ ബാധിച്ചു എന്നത് സംബന്ധിച്ച വിലയിരുത്തലോ പഠനങ്ങളോ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കാർഷിക നയം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഡബ്ല്യു.റ്റി.ഒ. സെല്ലിന്റെ പ്രവർത്തനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ;

(ഡി) അഗ്രികൾച്ചർ ട്രേഡ് സംബന്ധിച്ച മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള സമിതി എപ്പോഴാണ് നിലവിൽ വന്നത് ;

(ഇ) പ്രസ്തുത സമിതി എത്ര യോഗങ്ങളാണ് കൂടിയിരിക്കുന്നത് ; അവസാനത്തെ യോഗം കൂടിയത് എന്നാണ് ; പ്രസ്തുത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) വിലയിരുത്തലുകളും പഠനങ്ങളും നടത്തിയിട്ടുണ്ട്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly